1994-95-ൽ ആ തൊഴിലാളികൾക്ക് 20% ബോണസ് നൽകണമെന്നതായിരുന്നു അവർ ഉന്നയിച്ച ആവശ്യം .പക്ഷേ പേമെൻറ് ഓഫ് ബോണസ് ആക്ടനുസരിച്ചുള്ള ബോണസ് മാത്രമേ നൽകൂ എന്നാണ് മാനേജുമെൻറ് പറഞ്ഞത്. ആർ. ബി. ററി. കമ്പനി 10% ബോണസ് പ്രഖ്യാപിച്ചു. ബാക്കിയുള്ള കമ്പനികൾ സ്ററാറ്റ്യൂട്ട് അനുസരിച്ച് 8¼ ശതമാനവും പ്രഖ്യാപിച്ചു. ഇതുമാത്രമേ സ്ററാറ്റ്യൂട്ട് അനുസരിച്ച് നൽകേണ്ടതുള്ളൂ എന്നായിരുന്നു അവരുടെ വാദം. ഈ വാദം കഴിഞ്ഞ കൊല്ലവും അതിനു മുമ്പിലത്തെ കൊല്ലവുമെല്ലാം നടത്തിയിട്ടുണ്ട്. അന്നത്തെ ചില കേസുകൾ ട്രൈബ്യൂണലിൽ കിടക്കുകയുമാണ്. ഏതായാലും തൊഴിലാളികൾ ഉന്നയിച്ച ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ വളരെയധികം ചർച്ചകളൊക്കെ നടന്നു. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച ആർ. ബി. ററി. കമ്പനിയിൽ 15,000ത്തോളം തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. ആ കാര്യത്തിൽ ഞാൻ മൂന്നു പ്രാവശ്യം ഇടപെട്ടു. ഗവൺമെൻറ് ഇടപെട്ടു എന്നു പറയുന്നത് ശരിയല്ല, അവസാനം മാനേജ്മെൻറ് ഹൈക്കോടതിയിൽ പോയി. ഐ. ബി. ആക്ട് 12 (4) അനുസരിച്ച് റിപ്പോർട്ട് കിട്ടിയതുകൊണ്ട് ഇനി ഗവൺമെൻറ് ബാക്കിയുള്ള നടപടികൾ കൈക്കൊള്ളാതിരിക്കുന്നത് ശരിയല്ല. അഡ്ജുഡിക്കേഷനു വിടണമെന്നുള്ള നിലപാടാണ് ഹൈക്കോടതി എടുത്തത്. അതുകൊണ്ട് അത് അഡ്ജുഡിക്കേഷനു വിട്ടു. ഇതാണ് സംഭവത്തിന്റെ സത്യാവസ്ഥ. ഏതായാലും ഇപ്പോൾ അത് അഡ്ജുഡിക്കേഷൻ നിലിരിക്കുകയാണ്. ആ തൊഴിലാളികൾ ജോലിക്ക് കയറിയിട്ടുണ്ടെന്നു മാത്രമല്ല, അവിടെ ജോലി നടക്കുകയും ചെയ്യുന്നു. 15,000-ത്തോളം തൊഴിലാളികളും ജോലിക്ക് ഹാജരായിരിക്കുകയാണ്. ഇനി 3,000-ൽ ചിലപ്പോൾ തൊഴിലാളികളുടെ പ്രശ്നം മാത്രമേയുള്ളൂ. അതുപോലെതന്നെ പോളാർ എസ്റേറററിന്റെ കാര്യത്തിലും ഹൈക്കോടതിയിൽ പോയിരിക്കുകയാണ്. ഹൈക്കോടതി 3 ആഴ്ചകൊണ്ട് തീരുമാനമെടുക്കണമെന്ന് പറഞ്ഞിരിക്കുകയാണ്. ഞാൻ കഴിഞ്ഞ 15-ാം തീയതി ഒരു കോൺഫറൻസ് വച്ചിരുന്നു, അന്ന് ആ കോൺഫറൻസ് നടന്നിട്ടില്ല. ഏതായാലും ഈ ആഴ്ച ആ കോൺഫറൻസ് വയ്ക്കും. ബാക്കിയുള്ളത് വെറിയ രണ്ടു കമ്പനികളാണ്. ആ കമ്പനികളുടെ കാര്യത്തിൽ ലേബർ കമ്മീഷണർ ഇടപെട്ടിട്ടുണ്ട്. ഗവൺമെൻറിന്റെ സ്ററാറ്റ്യൂട്ട് അനുസരിച്ച് പേമെൻറ് ഓഫ് ബോണസ് ആക്ടനുസരിച്ചുള്ള പരിമിതികൾ ഞാൻ പറയാതെ താന്നെ ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതാണ്. അതേയവസരത്തിൽ തൊഴിലാളികളുന്നയിക്കുന്ന ആവശ്യം തെറ്റാണെന്നുള്ള വാദം ഗവൺമെൻറിനില്ല. തൊഴിലാളികളോട് പൂർണ്ണമായ അനുഭാവമുണ്ട്. അതേയവസരത്തിൽ ഈ സ്ററാറ്റ്യൂട്ട് അനുസരിച്ചു പരിമിതികൾക്കകത്തുനിന്നുകൊണ്ട് ഗവൺമെൻറിന് ചെയ്യാൻ കഴിയുന്നതു ചെയ്യുന്നതാണ്.

(8) ഫാം തൊഴിലാളികൾ സെക്രട്ടേറിയററ് നടയിൽ നടത്തുന്ന സത്യാഗ്രഹം

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, കേരള സർക്കാരിന്റെ കീഴിലുള്ള കൃഷി ഡിപ്പാർട്ടുമെൻറിന്റേയും അതേപോലെതന്നെ കാർഷിക സർവ്വകലാശാല, മൃഗ സംരക്ഷണം, ഡയറി, മണ്ണൊലിപ്പുതടയൽ തുടങ്ങിയ ഡിപ്പാർട്ടുമെൻറുകളുടെയും കീഴിൽ ജോലിചെയ്യുന്ന ഫാം തൊഴിലാളികൾ കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാഴ്ചയിലധികമായി സമര രംഗത്താണ്. 1995 ആഗസ്റ്റിലുണ്ടായ ശമ്പള പരിഷ്ക്കരണത്തിലുള്ള അപാകതയെക്കുറിച്ച് അവർ ചൂണ്ടിക്കാണിക്കുകയും നിരവധി നിവേദനങ്ങൾ നൽകുകയും ചെയ്തിട്ട് യാതൊരു നടപടിയും ഇതുവരെയുണ്ടായിട്ടില്ല. അതുകൂടാതെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ചും ഇടക്കാലാശ്വാസം ഡി. എ. എന്നിവ നൽകുന്നതിനെ സംബന്ധിച്ചും ഒക്കെയുള്ള അവരുടെ പരാതികൾ ഇതുവരെ പരിഗണിച്ചിട്ടില്ല. അതിനെ സംബന്ധിച്ച് ഒരു ചർച്ചപോലും നടന്നില്ലായെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇന്ന് ജീവനക്കാരുടെ ഫെഡറേഷൻ നിരാഹാരസമരത്തിലാണ്. അതേപോലെ തന്നെ ശ്രീ. വി. വി. രാഘവൻ ഉൾപ്പെടെയുള്ളവർ പോലും അവിടെ വേറൊരു സമരം നടത്തുന്നുണ്ട്. ഇക്കാര്യത്തിൽ ഗവൺമെൻറിന്റെ അടിയന്തിര നടപടികളുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. തങ്കച്ചൻ): സർ, 16-8-1995-ലും അതിനുമുമ്പും നടന്ന കൂടിയാലോചനകളുടെ അടിസ്ഥാനത്തിൽ ഒരു ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആ ഉത്തരവിൽ എന്തെങ്കിലും അനോമലീസുണ്ടെങ്കിൽ അതുടനെതന്നെ പരിശോധിക്കാൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ അനോമലീസ് പരിഹരിക്കാനായിട്ട് സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്താൻ ഗവൺമെൻറ് തയ്യാറാണ്. അതോടൊപ്പംതന്നെ അന്നത്തെ തീരുമാനങ്ങളിലെ ചില കാര്യങ്ങൾ നടപ്പിലാക്കിയിട്ടില്ല എന്ന് എൻറെ ബഹുമാന്യനായ സുഹൃത്ത് ടി. വി. ചന്ദ്രമോഹൻ ഇവിടെ ചൂണ്ടിക്കാണിച്ചു. അത് പരിശോധിക്കാൻ ഗവൺമെൻറ് തയ്യാറാണ്. അത് നടപ്പിലാക്കിയിട്ടില്ലെങ്കിൽ അടിയന്തിരമായി നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ കൊടുക്കുന്നതാണ്.

(9) ബ്ലോക്കുകളിൽ ഐ. സി. ഡി. എസ്. പദ്ധതി തുടങ്ങുന്നത് സംബന്ധിച്ച്

ശ്രീ. കെ. ബാബു: സർ, അമ്മമാർക്കും കുട്ടികൾക്കും വളരെയേറെ പ്രയോജനം ചെയ്യുന്ന ഐ. സി. ഡി. എസ്. പദ്ധതി എൻറെ നിയോജകമണ്ഡലമായ ഇടപ്പള്ളി ബ്ലോക്കിൽ അനുവദിക്കണമെന്നും അതുപോലെതന്നെ ഈ പദ്ധതി കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കെ. ബാവ): സർ, സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് ഐ. സി. ഡി. എസ്. നാളിതുവരെ ലഭ്യമായിട്ടുള്ള കണക്കനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് 112 ബ്ലോക്കുകളിലും 8 അർബൻ പ്രദേശങ്ങളിലുമാണ് ഇതുള്ളത്. അങ്ങനെ 120 പ്രോജക്ടുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അതിനു പുറമേ ഈയിടെയായി സംസ്ഥാന ഗവൺമെൻറിന്റെ സമ്മർദ്ദത്തിന്റെ ഫലമായി വെളിയനാട്, ആര്യനാട് അങ്കമാലി, ഇടപ്പള്ളി, കൂവപ്പടി, ആലങ്ങോട്, കോതമംഗലം, മൂവാറ്റുപുഴ, പള്ളുരുത്തി, പാമ്പാക്കുട, പാറക്കടവ്, വാഴക്കുളം, നീലേശ്വരം.

LIBRARY ARCHIVES Kerala Legislative Assembly